**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** **07-10-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സിവിൽ പോലീസ് ഓഫീസർ തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം ബറ്റാലിയൻ തിരിച്ച് നൽകാമോ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ബറ്റാലിയൻ തിരിച്ച് നൽകാമോ; | (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 01/06/2024 തീയതി വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ബറ്റാലിയനുകളിൽ നിന്നും ജില്ലാ സിവിൽ പോലീസിലേക്കുള്ള സ്ഥലംമാറ്റവും അന്തർജില്ലാ സ്ഥലംമാറ്റവും നടന്നുവരുന്നു. ഇത് താമസംവിനാ പൂർത്തിയാക്കി ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിൽ ഓരോ മാസത്തേതും ബറ്റാലിയൻ അടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ; | (ബി) | പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. 01.06.2024 തീയതി വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. 20.06.2024 മുതൽ 01.06.2025 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യത ഉള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് മുൻകൂറായി നിയമനം നടത്തി പരിശീലനം ആരംഭിക്കുന്നതിനു വേണ്ടി തത്തുല്യമായ എണ്ണം താൽകാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | 2024 ഏപ്രിൽ 15 ന് നിലവിൽ വന്നതും ഒരു വർഷം മാത്രം കാലാവധിയുള്ളതുമായ ലിസ്റ്റിൽ നിന്നും നിലവിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; നിയമനം നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 2024 ഏപ്രിൽ 15 ന് നിലവിൽ വന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്ന 43 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്നും 40 ഉദ്യോഗാർത്ഥികളുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇവരുടെ പരിശീലനം തുടങ്ങിയിട്ടില്ല. |
| (ഡി) | പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ, ക്യാമ്പ് ഡ്രോപ്പ് ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും, ടെമ്പററി ട്രെയിനിംഗ് പർപ്പസിന് അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | മാസാമാസം ഒഴിവുകളുടെ കണക്കെടുക്കുകയും അപ്രകാരം ലഭ്യമാകാവുന്ന എല്ലാ ഒഴിവുകളും കൃത്യമായി കെ.പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ